അന്യസംസ്ഥാന തൊഴിലാളികൾ

251(2720) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ തേടി എത്ര പേർ വർഷം തോറും കേരളത്തിൽ എത്തുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത തൊഴിലാളികൾക്കു കേരളത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ ഉടമസ്ഥതയിലുള്ള സ്വയംഭരണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്&ടാക്സേഷൻ, തിരുവനന്തപുരത്തിന്റെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) 2010-ലെ കടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ഇതര സംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പദ്ധതിയിൻ കീഴിൽ 51609 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്

252(2721) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്"ന്റെ പ്രവർത്തനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly